**പ്രസിദ്ധീകരണത്തിന്**

ശബരിമലവിഷയത്തിൽ ആരെയും ഭയപ്പെടുത്താൻ എൻ.എസ്.എസ്സിന് ഉദ്ദേശമില്ല, ആരുമായും നിഴൽയുദ്ധത്തിനുമില്ല. സി.പി.എമ്മിന്റെയല്ല, ഒരു രാഷ്ട്രീയപ്പാർട്ടിയുടെയും ആഭ്യന്തരപ്രശ്നങ്ങളിൽ എൻ.എസ്.എസ്. ഇടപെട്ടിട്ടുമില്ല. ഇപ്പോഴത്തെ സംസ്ഥാന സർക്കാരിനോട് ആരംഭം മുതൽ സൗഹൃദനിലപാടേ എൻ.എസ്.എസ്. സ്വീകരിച്ചിട്ടുള്ളു. അനാവശ്യമായി ഏതെങ്കിലും വിഷയങ്ങളിൽ എൻ.എസ്.എസ്. വിലപേശൽ നടത്തുകയോ ഇടപെടുകയോ ചെയ്തിട്ടില്ല.

ഈശ്വരവിശ്വാസവും ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളും നിലനില്ക്കണം എന്ന വ്യക്തമായ നിലപാട് എൻ.എസ്.എസ്സിനുണ്ട്. അതിനാൽ, ഇതു സംബന്ധിച്ച് സുപ്രീം കോടതിയിൽ വന്ന കേസിൽ ആരംഭത്തിൽതന്നെ കക്ഷിചേർന്ന്, വിശ്വാസം സംരക്ഷി ക്കാൻ എൻ.എസ്.എസ്. നിലകൊള്ളുകയാണ്. അതുകൊണ്ടുതന്നെ, യുവതീപ്രവേശനം സംബന്ധിച്ച വിധി വന്നപ്പോൾ എൻ.എസ്.എസ്. റിവ്യൂഹർജി ഫയൽ ചെയ്യുകയും ചെയ്തു.

വിധി നടപ്പാക്കുന്ന കാര്യത്തിൽ കോടതിയോട് സാവകാശം ചോദിക്കാതെയും വിശ്വാസികളുടെ വികാരം കണക്കിലെടുക്കാതെയും പെട്ടെന്നുതന്നെ വിധി നടപ്പാക്കാ നാണ് സംസ്ഥാനസർക്കാർ നടപടി സ്വീകരിച്ചത്. ഈ നടപടികളിലേക്ക് സർക്കാർ നീങ്ങിയ അവസരത്തിൽതന്നെ, സർക്കാരിനെ നയിക്കുന്ന പ്രധാന പാർട്ടിയുടെ നേതാവെന്ന നില യിൽ കോടിയേരി ബാലകൃഷ്ണനെ ഫോണിൽ വിളിച്ച് 'സർക്കാർ ഇക്കാര്യത്തിൽ തിടുക്കം കാണിക്കരുത്, കോടതിയിൽ ഒരു സാവകാശഹർജി ഫയൽ ചെയ്ത് റിവ്യൂഹർജിയുടെ തീരുമാനം വരുന്നതുവരെ നടപടികൾ തല്ക്കാലത്തേക്ക് നിർത്തിവയ്ക്കുകയാണ് വേണ്ട ത്' എന്ന് ഞാൻ ആവശ്യപ്പെടുകയുണ്ടായി. 'അതല്ല, ഇതേ രീതിയിൽ മുന്നോട്ടുപോകാ നാണ് തീരുമാനിക്കുന്നത് എങ്കിൽ, നിങ്ങളുമായി സൗഹൃദത്തിൽപോകുന്ന എൻ.എസ്. എസ്സിന് വിശ്വാസികളോടൊപ്പം നില്ക്കേണ്ടിവരും' എന്ന് അന്നേ വ്യക്തമാക്കിയതാണ്.

എന്നാൽ സർക്കാർഭാഗത്തുനിന്നും അനുകൂലമായ നടപടി ഒന്നും ഉണ്ടായില്ല. പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നതു കണ്ട്, ഒരു സാമൂഹികസംഘടനയുടെ ഉത്ത രവാദിത്വപ്പെട്ട ആളെന്ന നിലയിൽ, വിശ്വാസം സംരക്ഷിക്കുന്ന കാര്യത്തിൽ കോടിയേ രിയെ വീണ്ടും ഫോണിൽ ബന്ധപ്പെട്ടു. നിരീശ്വരവാദികളായിട്ടുള്ള ആക്ടിവിസ്റ്റുകളെ വമ്പിച്ച പോലീസ് സന്നാഹത്തോടെ സന്നിധാനത്തേക്ക് കയറ്റിക്കൊണ്ടുപോയപ്പോൾ, വിശ്വാസികളുടെ മനോവേദന മനസ്സിലാക്കി "ഇതൊന്നു നിർത്തിവയ്ക്കുന്നപക്ഷം ഞാൻ ആരുടെ കാലുവേണമെങ്കിലും പിടിക്കാം" എന്നുവരെ അറിയിച്ചു. അതുകഴിഞ്ഞ് ഈ ആവശ്യം ഉന്നയിച്ച് മുഖ്യമന്ത്രിയുമായും ഫോണിൽ ബന്ധപ്പെട്ടു. അതിനെയും അവഗണിച്ചുകൊണ്ട് അവരുടെ തീരുമാനവുമായി മുന്നോട്ടുപോയ സാഹചര്യത്തിലാണ് ഈശ്വരവിശ്വാസവും ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുവാൻ വിശ്വാസിസമൂഹത്തോടൊപ്പം ഉറച്ചുനില്ക്കാൻ എൻ.എസ്.എസ്. തീരുമാനമെടുക്കേണ്ടി വന്നത്. അതിൽ എൻ.എസ്.എസ്. രാഷ്ട്രീയം കണ്ടില്ല.

ഈ കാരണംകൊണ്ട് എൻ.എസ്.എസ്സിനെതിരെ വാളോങ്ങാനോ എൻ.എസ്.എ സ്സിന്റെ ഇക്കാര്യത്തിലുള്ള നിലപാടിനെ വിമർശിക്കാനോ എൻ.എസ്.എസ്സിനെ രാഷ്ട്രീയം പഠിപ്പിക്കാനോ ഉപദേശിക്കാനോ കോടിയേരി ബാലകൃഷ്ണനോ ബാലകൃഷ്ണന്റെ അനുയായികൾക്കോ ധാർമ്മികമായ യാതൊരു അവകാശവും ഇല്ലെന്നുള്ള കാര്യം മനസ്സിലാക്കുന്നത് നന്ന്.

പെരുന്ന
5.2.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി